**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5371** **21-03-2025 - ൽ മറുപടിയ്ക്ക്**

**കായിക വിദ്യാർത്ഥികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് നടപ്പ് സാമ്പത്തിക വർഷം ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും അതിൽ എത്ര തുക അനുവദിച്ചുവെന്നും അറിയിക്കാമോ; യഥാസമയം തുക അനുവദിക്കാത്തത് മൂലം ഹോസ്റ്റലുകളിൽ കഴിയുന്ന കായിക താരങ്ങൾക്ക് ഭക്ഷണം പോലും നൽകാൻ കഴിയാത്ത സ്ഥിതിവിശേഷം നിലവിലുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് നടപ്പ് സാമ്പത്തിക വർഷം ഗ്രാന്റായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ സർക്കാർ 12,09,09,708/- രൂപ അനുവദിച്ചു നൽകിയിരുന്നു. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ കായിക താരങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള ഭക്ഷണ ക്രമം മുടക്കം വരാതെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | താത്കാലിക അധ്യാപകർക്കും ഹോസ്റ്റൽ വാർഡന്മാർക്കും പാചകക്കാർക്കും ശമ്പളം കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശികയാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ താത്ക്കാലിക ജീവനക്കാരായ വാർഡൻ/കുക്ക് തസ്തികയിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ വേതനം 2024 ഡിസംബർ മാസം വരെയുള്ളത് അനുവദിച്ചിട്ടുണ്ട്. 2025 ജനുവരി, ഫെബ്രുവരി മാസത്തെ വേതനം കുടിശ്ശികയുണ്ട്, ആയത് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സ്പോർട്സ് കൗൺസിലിന് കീഴിൽ എത്ര സ്ഥിരം കായിക അധ്യാപകരാണ് നിലവിലുള്ളതെന്നും എത്ര അധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ കായിക അധ്യാപക തസ്തിക ഇല്ല. 12/10/2017 തീയതിയിലെ സ.ഉ (കൈ)നം.12/2017 പ്രകാരം 143 അംഗീകൃത കായിക പരിശീലകരുടെ തസ്തിക നിലവിലുണ്ട്. ആയതിൽ 69 സ്ഥിരം പരിശീലകർ നിലവിലുണ്ട്. താത്ക്കാലിക പരിശീലകരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതും കായികതാരങ്ങൾക്ക് മതിയായ സൗകര്യം ലഭിക്കാത്തതും മൂലം കായിക വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലേയ്ക്ക് ചേക്കേറുമെന്ന ആശങ്ക പരിഹരിക്കുന്നതിന് | (ഡി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കിഴിൽ പ്രവർത്തിക്കുന്ന അക്കാഡമികളിൽ നിലവിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളും പരിശീലനവും നൽകിവരുന്നു. ആയതു കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ? | | സ്വീകരിച്ചുവരുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനവും ഭാവിയിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ